# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7443 — 17/7/2012-ൽ മറുപടിയ്ക്ക്

**കൃഷി വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ<br>ഡോ.എൻ.ജയരാജ്<br>ശ്രീ.പി.സി.ജോർജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; തൃപ്തികരമായ പ്രവർത്തനമാണോ കാഴ്ചവയ്ക്കുന്നത്; വിശദാംശങ്ങൾ നൽകാമോ ;<br><br>ബി) പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം വകുപ്പ് തലത്തിൽ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;<br><br>സി) ഈ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് ഉറപ്പ് വരുത്തുന്നതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻഉദ്ദേശിക്കുന്നു;വിശദാംശങ്ങൾ നൽകുമോ; | (എ&ബി &സി) കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടുകളും കണക്കുകളും പരിശോധിച്ച് പ്രവർത്തനം വിലയിരുത്തുന്നുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിന്റെയും ഓഡിറ്റ് പരാമർശങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധനകൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുമുണ്ട്. കൃഷി വകുപ്പിന്റെ കീഴിലുള്ള പത്ത് പൊതുമേഖലാ സ്ഥാപനങ്ങളിൽ അഞ്ചെണ്ണം ലാഭത്തിലും, മൂന്നെണ്ണം നഷ്ടത്തിലുമാണ് പ്രവർത്തിക്കുന്നത്. കൂടാതെ വർഷങ്ങളായി നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന തിരുവനന്തപുരം റബർ വർക്ക്സ്, കേരള നാളികേര വികസന കോർപ്പറേഷൻ എന്നിവ അടച്ച് പൂട്ടുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പ്രവർത്തന ക്ഷമമായിട്ടുള്ള സ്ഥാപനങ്ങൾ, സർക്കാരിന്റെയും ഡയറക്ടർ ബോർഡിന്റെയും മാർഗ്ഗ നിർദ്ദേശപ്രകാരം അവയുടെ ബന്ധപ്പെട്ടതും അനുബന്ധവുമായിട്ടുള്ള മേ ഖലകളിൽ വൈവിദ്ധ്യവൽക്കരിക്കുന്നതിനും, ആധുനികവൽക്കരിക്കുന്നതിനുമായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ

११/